FAX



"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ECA2/98/2022-GAD

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-01-2023

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - വിവിധ സർക്കാർ വകുപ്പുകളിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം - സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

************************

വിവിധ സർക്കാർ വകുപ്പുകളിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനം പൂർത്തിയാക്കുന്നതിനും, സംവരണം ചെയ്യുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ ബന്ധപ്പെട്ട വകുപ്പും, പി.എസ്.സി. യും, പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് 09.06.2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകന യോഗം നിർദ്ദേശിക്കുകയുണ്ടായി.

അപ്രകാരമുള്ള നിർദ്ദേശത്തിന് ശേഷവും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പരാതികൾ ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിസർവ് ചെയ്യുന്നതിലേയ്ക്ക് തസ്തിക കണ്ടെത്തി സർക്കാരിൽ അറിയിക്കുന്നതിനുള്ള കാലതാമസവും, ഉടൻ നിയമനം നടത്തുവാൻ കഴിയാത്തതും, യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുമായ തസ്തികകൾ സംവരണം ചെയ്യുന്നതിനായി വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്യുന്നതും, തസ്തിക സംവരണം ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ അനുസമ്മതത്തിനായി (Concurrence) അയക്കുന്ന ഫയലുകളിൽ സ്വീകരിക്കേണ്ട നടപടികളിലെ വ്യക്തതയില്ലായ്മയും ഉൾപ്പെടെ വിവിധ കാരണങ്ങൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, അനാവശ്യ പ്രവണതകളൊഴിവാക്കിക്കൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ വേഗത്തിലാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമനത്തിനായി സംവരണം ചെയ്യുന്നതിന് തസ്തികകൾ റിപ്പോർട്ട് ചെയ്യുമ്പോൾ, യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതും, തടസ്സമില്ലാതെ അടിയന്തരമായി നിയമനം നടത്തുവാൻ കഴിയുന്നതുമായ സ്ഥിരം തസ്തികകൾ മാത്രം റിപ്പോർട്ട് ചെയ്യുവാൻ വകുപ്പ് തലവൻമാർ ശ്രദ്ധിക്കേണ്ടതാണ്.
2. സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി വകുപ്പുതലവൻമാർ റിപ്പോർട്ട് ചെയ്യുന്ന തസ്തികകളെ

സംബന്ധിച്ച് അനുസമ്മതത്തിനായി അയക്കുന്ന ഫയലുകൾ വകുപ്പിന്റെ അഭിപ്രായം സഹിതം സമയബന്ധിതമായി തിരികെ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ശ്രദ്ധ ചെലുത്തേണ്ടതാണ്. അപ്രകാരം ഭരണ വകുപ്പിനയക്കുന്ന ഫയലുകൾ മറ്റ് വകുപ്പുകളുടെ അഭിപ്രായത്തിനായി അയക്കുക, അനുസമ്മതം ഫയലിൽ രേഖപ്പെടുത്തി തിരികെ നൽകുന്നതിന് പകരം ഭരണ വകുപ്പിൽ നിന്നും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ അനാവശ്യ പ്രവണതകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ 29.07.1978 ലെ G.O (Ms) NO. 594/78/Fin ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. അവലോകനം പൂർത്തിയാക്കി സംവരണം ചെയ്യുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ ബന്ധപ്പെട്ട വകുപ്പും, പി.എസ്.സി.യും, പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്പെഷ്യൽ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട നടപടികളിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ് തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും (e office നോട്ടീസ് ബോർഡ് മുഖേന)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ്

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
**Signed by Praveenkumar S**
**Date: 09-01-2023 13:04:09**

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (അറിവിലേയ്ക്കായി)
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

become suitable for absorption to the post only on successful completion of training. It has to be pointed out in this connection that even if the period of training is no treated as duty, they do not stand to lose as the pay drawn in the previous appointment is protected during the period of training.

In short, the period of training cannot be treated as duty in the lower post and hence the training allowance once fixed need not be refixed as and when increments are accrued in the lower post. Further for the same reasons, the officers so selected are not entitled to the benefit of refixation of pay.

Yours faithfully.

(Sd.)

For *Special Secretary to Government.*

GOVERNMENT OF KERALA

**Abstract**

PUBLIC SERVICES—SPECIAL RECRUITMENT OF SCHEDULED CASTES SCHEDULED TRIBES—CREATION OF SUPERNUMERARY POSTS—DELEGATION OF POWERS TO THE ADMINISTRATIVE DEPARTMENT ORDERS ISSUED

FINANCE (EXPENDITURE-B) DEPARTMENT

G. O. Ms. No. 594|78|Fin. *Dated, Trivandrum, 29th July 1978.*

*Read:*—1. G. O. Ms. 342|71|PD. dated 11-10-1971.
2. Circular No. 23012|EC1|73|PD., dated 30-4-1973.

ORDER

In order to set right the backlog in the representation of Scheduled Castes and Scheduled Tribes, Government have evolved a scheme of special recruitment. But several departments expressed the difficulty that it is not possible to make special recruitment of Scheduled Castes|Scheduled Tribes in the absence of open vacancies against the posts reserved for the purpose. Government therefore in the G. O. 1st read above, issued orders to the effect that supernumerary posts will be created in the gazetted cadre in the departments where there are no existing substantive vacancies for



purposes of making special recruitment of Scheduled Castes|Scheduled Tribes and that the supernumerary posts so created will be adjusted against the future vacancies as and when they arise. In the case of non-gazetted posts Government as per circular second read above, directed that the administrative departments of the Secretariat may take up the question of creation of supernumerary posts in the non-gazetted category in deserving cases, if necessary, in consultation with Finance Department and to set off these posts against the vacancies that will arise in future. Accordingly under the rules of business, concurrence of Finance Department is obtained in all cases of creation of such supernumerary posts. The Committee to review the performance of the Department concerned in the matter of recruitment of Scheduled Castes|Scheduled Tribes felt that this results in delay in issuing orders for the creation of supernumerary posts and suggested to consider the question of dispensing with this procedure and authorising to Administrative Departments of the Secretariat to create supernumerary posts in such cases.

Having examined the case in detail, Government, under Rule 10 of the Rules of Business order, that the administrative departments of the Secretariat may without previous consultation with Finance Department sanction creation of supernumerary posts when there are no regular vacancies to make appointment against the posts reserved for special recruitment. The candidates appointed in such supernumerary posts will be absorbed in the next arising vacancy and the supernumerary post abolished immediately after such absorption.

By order of the Governor,

R. PARAMESWARAN NAIR,
*Additional Secretary.*

3|3